**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1540** **12-02-2025 - ൽ മറുപടിയ്ക്ക്**

**കെട്ടിട നികുതി നിർണ്ണയത്തിലെ അശാസ്ത്രീയത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ അറ്റകുറ്റ പണികൾ നടത്തിയതോ കൂടുതൽ നിലകൾ കൂട്ടിച്ചേർത്തതോ ആയ ഒരു കെട്ടിടത്തിന്റെ നികുതി (കേരള ബിൽഡിംഗ് ടാക്സ്) കണക്കാകുമ്പോൾ ആകെ ഏരിയയുടെ നിലവിലുള്ള താരിഫ് പ്രകാരം തുക കണക്കാക്കുന്നതിലുള്ള അശാസ്ത്രീയത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഇത്തരം കേസുകളിൽ മുൻകാലങ്ങളിൽ ചെറിയ കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിടങ്ങൾക്ക് പോലും വലിയ തുക കെട്ടിട നികുതിയായി ഈടാക്കേണ്ട സാഹചര്യമാണുള്ളതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | കെട്ടിട നികുതി നിർണ്ണയത്തിലെ അശാസ്ത്രീയത പരിഹരിക്കുവാനും മുൻകാലങ്ങളിൽ അന്നത്തെ നിരക്കിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ തുക കുറവ് ചെയ്യുന്നതിന് പകരം അത്രയും ഏരിയ കുറവ് ചെയ്തിട്ട് ബാക്കി വരുന്ന ഏരിയയിക്ക് നിലവിലുള്ള നിരക്ക് നിശ്ചയിക്കുന്ന കാര്യവും പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (സി) | കേരള കെട്ടിട നികുതി നിയമം , 1975 വകുപ്പ് 5(4) ചുവടെ ചേർക്കും പ്രകാരമാണ്<br><br>Where the plinth area of the building, the construction of which is completed after the appointed day is subsequently increased or new extensions or major repair or improvement, building tax shall be computed on the total plinth area of the building including that of the new extension or repair or improvement and credit shall be given to the tax already levied and collected, if any, in respect of the building before such extension, or repair or improvement.<br><br>നികുതി നിർണ്ണയം നടത്തിയ കെട്ടിടത്തിൽ പിന്നീട് കൂട്ടിച്ചേർക്കലുകൾ ഉണ്ടായാൽ കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തി ആദ്യം ഒടുക്കിയ നികുതി തുക കുറവ് ചെയ്ത് നികുതി നിർണ്ണയ ഉത്തരവ് നൽകാവുന്നതാണെന്ന് കേരള കെട്ടിട നികുതി നിയമം , 1975- ൽ അനുശാസിക്കുന്നുണ്ട്. ആയതിനാൽ മേൽ വിഷയം തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ